ഉത്തരം

(എ)(ബി)&(സി) വിവിധ വിദേശ മലയാളി അസോസിയേഷനുകൾ നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പ്രവാസി കേരളീയർക്ക് പെൻഷൻ ഏർപ്പെടുത്തുക, ക്ഷേമനിധി ഏർപ്പെടുത്തുക, തിരികെ വരുന്നവർക്ക് വ്യവസായങ്ങൾ ആരംഭിക്കാൻ സഹായധനം നൽകുക, പുനരധിവാസ പദ്ധതികൾ ആരംഭിക്കുക, അവരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തുക, ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുക, സർക്കാർ ഉദ്യോഗത്തിനു നിയമനം ലഭിച്ചവർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധിയിൽ ഇളവ് വരുത്തുക, റേഷൻ കാർഡിൽ വിദേശ മലയാളികളുടെപേര് ഉൾപ്പെടുത്തുക എന്നിവയാണ് പ്രധാനമായും വിദേശ മലയാളി സംഘടനകൾ പൊതുവേ ഉന്നയിച്ച ആവശ്യങ്ങൾ. വിദേശ മലയാളികൾക്കായി ഒരു അപകട സുരക്ഷാ ആരോഗ്യ സംരക്ഷണ ഇൻഷുറൻസ് പദ്ധതി സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. സർക്കാർ ഉദ്യോഗത്തിന് നിയമനം ലഭിക്കുന്ന വിദേശ കേരളീയർക്ക് സമയപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. റേഷൻ കാർഡിൽ വിദേശ മലയാളികളുടെ പേര് ഉൾപ്പെടുത്തണമെന്ന നിർദ്ദേശവും സർക്കാർ അംഗീകരിച്ചു. പ്രവാസി കേരളീയർക്ക് പെൻഷൻ പദ്ധതി നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസിവഴി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. തിരികെ വരുന്നവരെ പുനരധിവസിപ്പിക്കുക, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക എന്നീ കാര്യങ്ങൾക്കായി എല്ലാ ജില്ലകളിലും പ്രവാസി സംഘങ്ങൾ രൂപീകരിക്കുന്നതിനും ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ മേഖലയുടെ മാറ്റത്തിനനുസൃതമായി അവിടത്തെ കേരളീയരുടെ മാനവശേഷി മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനപരിപാടി നടത്തുന്നതിനും തിരിച്ചെത്തുന്നവർക്കായി ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും പദ്ധതികൾ നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസിയുടെ പരിഗണനയിലുണ്ട്. വിദേശത്തെ കേരളീയ നഴ്സുമാർക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം സംസ്ഥാന സർക്കാരും പരിഗണിച്ചുവരുന്നു.

136 (2449) സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള കമ്മീഷനുകൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള കമ്മീഷനുകൾ ഏതെല്ലാം;

(ബി) ഇവയിൽ ഏതെങ്കിലും കമ്മിഷൻ ഇന്ത്യക്കകത്തുനിന്നോ പുറത്തുനിന്നോ ഫണ്ട് ലഭിക്കാനുള്ള പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുള്ള ഏതെങ്കിലും പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള കേന്ദ്ര വനിതാ കമ്മിഷന് ഫണ്ട് വാങ്ങുന്ന ഏജൻസിയായി പ്രവർത്തിക്കാൻ നിയമമനുവദിക്കുന്നുണ്ടോ; വനിതാ കമ്മീഷൻ ആക്ടിൽ ഇതിന് വ്യവസ്ഥയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)(ബി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

137 (2451) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള റേഷൻ സബ്സിഡി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഇപ്പോൾ എന്തു വിലയ്ക്കാണ് റേഷൻ അരി നൽകുന്നത്;

(ബി) കേന്ദ്ര സർക്കാർ എത്ര ശതമാനം പേർക്കാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉൾപ്പെടുത്തി റേഷൻ നൽകുന്നത്;

(സി) സംസ്ഥാന സർക്കാർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ കൊടുക്കുന്നതിന് സബ്സിഡി ഇനത്തിൽ പ്രതിവർഷം എത്ര രൂപ ചെലവാക്കുന്നു;

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഉള്ളവർക്ക് എന്തു വിലയ്ക്കാണ് റേഷൻ അരി നൽകുന്നത്;

(ഇ) ഇവർക്ക് എന്തെങ്കിലും സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(എഫ്)കേന്ദ്ര സർക്കാരിന്റെ പുതിയ ബഡ്ജറ്റ് നിർദ്ദേശംമൂലം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും മുകളിലുള്ളവർക്കും നൽകുന്ന റേഷൻ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) നിലവിൽ ഉണ്ടായിരുന്ന നിരക്കിൽ റേഷൻ നൽകുന്നതിന് എത്രകോടി രൂപ അധികചെലവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. പ്രതിമാസം 10 കിലോഗ്രാം അരി 4 രൂപ നിരക്കിൽ.

2. പ്രതിമാസം 16 കി.ഗ്രാം അരി 8.60 രൂപ നിരക്കിൽ.

3. ഇതിനു പുറമേ കാർഡിലെ അർഹത അനുസരിച്ചുള്ള അരി കിലോഗ്രാമിന് 9.60 രൂപ നിരക്കിൽ.

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്തെ 25.43% കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കി റേഷൻ നൽകുന്നുണ്ട്.

(സി) കേന്ദ്ര സർക്കാർ കണ്ടെത്തിയ 25.43% കുടുംബങ്ങൾക്കു പുറമെ 17 ശതമാനത്തോളം കുടുംബങ്ങളെക്കൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കി സംസ്ഥാന സർക്കാർ റേഷൻ നൽകുന്നുണ്ട്. ഈ ഇനത്തിൽ പ്രതിവർഷം ഏകദേശം 30 കോടി രൂപ സബ്സിഡിയായി ചെലവാക്കുന്നുണ്ട്.

(ഡി)&(ഇ) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കാർഡുടമകൾക്ക് ആഴ്ചയിൽ 4 കി.ഗ്രാം അരി കിലോഗ്രാമിന് (1 രൂപ സബ്സിഡി കിഴിച്ച്) 8.60 രൂപയ്ക്കും കാർഡനുസരിച്ച് അർഹതപ്പെട്ട ബാക്കി വിഹിതം കിലോഗ്രാമിന് 9.60 രൂപയ്ക്കും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly